ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

*അപ്പോസ്റ്റോലോ എന്ന വാക്കിന്റെ അർത്ഥം തന്നെ അയക്കപ്പെട്ടവൻ, പ്രേഷിതൻ, മിഷനറി എന്നൊക്കെയാണ്. ഏകവും വിശുദ്ധവും കാതോലികവുമായ സഭ അയക്കപ്പെടാതിരുന്നാൽ അപ്പോസ്തലികമാകുമോ എന്നു ചിന്തിക്കണം.*

# മലങ്കര ഓർത്തഡോക്സ് സഭയുടെ കഴിഞ്ഞ 175 വർഷങ്ങളിലെ മിഷൻ

മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത വൃത്തിയാൽ ആരംഭിച്ച മലങ്കര സഭ മിഷൻ രംഗത്തു കഴിഞ്ഞ 19 നൂററാണ്ടുകളായി എന്തെല്ലാം ചെയ്തു എന്നതു ചരിത്രരേഖകൾകൊണ്ടു തെളിയിക്കുക പ്രയാസമാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാർ എല്ലാവരും മിഷനറിമാർ എന്ന നിലയിൽ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവരായിരുന്നു. അപ്പൊസ്റ്റെലോ എന്ന വാക്കിന്റെ അർത്ഥം തന്നെ അയക്കപ്പെട്ടവൻ, പ്രേഷിതൻ, മിഷനറി എന്നൊക്കെയാണ്. ഏകവും, വിശുദ്ധവും കാതോലികവുമായ സഭ അയയ്ക്കപ്പെടാതിരുന്നാൽ അപ്പോസ്തലികമാകുമോ എന്നു ചിന്തിക്കണം. 'ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു, അവനു യോഹന്നാൻ എന്നു പേർ' (യോഹ. 1:6). 'ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു. . ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ (3:17). 'പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു' (20:21). യോഹന്നാൻ സ്നാപകനും, കർത്താവും ശ്ലീഹന്മാരും മിഷനറിമാരായിരുന്നു. 'സഭയെ നാനാദേശത്തുനിന്നും കൂട്ടിച്ചേർത്തിരിക്കുന്നതു നാനാ ദേശത്തേക്കും അയയ്ക്കപ്പെടുവാനും ആരാധനയാൽ വിശുദ്ധീകരിക്കപ്പെട്ട സാക്ഷ്യത്താൽ ലോകത്തെ ദൈവികരിക്കുവാനുമാണ്.

മലങ്കര സഭയിലേക്കു സി.എം.എസ്. മിഷനറിമാർ അയക്കപ്പെട്ടതു മിഷൻ ഉദ്ദേശത്തോടുകൂടെയായിരുന്നു. കുന്നംകുളം ആർത്താററു പള്ളിയിൽ 1806 ഡിസംബർ 9–ാം തീയതി കല്ക്കട്ടാ ഫോർട്ടു വില്യം കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന റവ. ഡോക്ടർ ക്ലോഡിയസ് ബുക്കാനാൻ വന്നു. വലിയ മാർ ദിവന്നാസ്യോസ് എന്നറിയപ്പെടുന്ന മാർത്തോമ്മാ ആറാമൻ അന്നു മലങ്കരയുടെ വലിയ മെത്രാപ്പോലീത്തായായിരുന്നു. പുലി

പുലിക്കോട്ടിൽ ഇട്ടൂപ്പു (ജോസഫ്) കത്തനാർ കായംകുളം ഫിലിപ്പോസ് റമ്പാന്റെയും തിമ്മയ്യ പിള്ളയുടേയും സഹായത്തോടു കൂടി സുറിയാനിയിൽനിന്ന് മലയാളത്തിലേക്കു തർജിമ ചെയ്ത നാലു സുവിശേഷങ്ങൾ ബോംബെയിൽവച്ച് അച്ചടിച്ച് *1811-ൽ* ജോസഫ് കത്തനാർക്കയച്ചു. മലയാള വേദപുസ്തകം ലഭ്യമാക്കിയതിൽ ബുക്കാനനോടും *C. M. S.* മിഷനോടും നമുക്ക് കടപ്പാടുണ്ട്.

ക്കോട്ടിൽ ഇട്ടൂപ്പ (ജോസഫ്) കത്തനാർ കായംകുളം ഫിലിപ്പോസ് റമ്പാന്റെയും തിമ്മയ്യ പിള്ളയുടേയും സഹായത്തോടു കൂടി സുറിയാനിയിൽ നിന്നു മലയാളത്തിലേക്കു തർജിമ ചെയ്ത നാലു സുവിശേഷങ്ങൾ ബോംബെയിൽവച്ച് അച്ചടിച്ച് 1811—ൽ ജോസഫ് കത്തനാർക്കയച്ചു. മലയാള വേദപുസ്തകം ലഭ്യമാക്കിയതിൽ ബുക്കാനനോടും C. M. S. മിഷനോടും നമുക്കു കടപ്പാടുണ്ട്. ആദ്യം വന്ന റവ. നോർട്ടൺ (1816) റവ. ബൻജമിൻ ബയ്‌ലി (1816) റവ. ജോസഫ് ഫെൻ (1818—26) റവ. ഹെൻറി ബേക്കർ (1819) എന്നിവർ പഴയ സെമിനാരിയിൽ പഠിപ്പിച്ചു. തുടർന്നു 1836—ൽ മാവേലിക്കര പടിയോല വഴി മലങ്കര സഭ C. M. S. ബന്ധം ഉപേക്ഷിച്ചു. 1840—ലെ കൊച്ചിൻ അവാർഡു വഴി പഴയ സെമിനാരിയും കടമററം പള്ളിയും മററു മലങ്കര സഭയ്ക്കും, മൺറോത്തുരുത്തും മററു ചില തുകകളും C. M. S. മിഷനറിമാർക്കും ലഭിച്ചു. അനന്തരം C. M. S. മിഷനറിമാർ കേരളത്തിലെ അധ:കൃതരെന്നറിയപ്പെട്ടിരുന്ന ജാതികളിലേക്കു മിഷൻ വ്യാപിപ്പിച്ചു. അങ്ങനെ സഭ കെട്ടിപടുത്തു. എന്നാൽ മലങ്കര സഭയ്ക്കാകട്ടെ മിഷൻ പ്രവർത്തനത്തെപ്പററി യാതൊരു വിധ പ്രചോദനവും ഈ കാലയളവിൽ ഉണ്ടായില്ല. മിഷൻ എന്നു പറഞ്ഞാൽ അവർ കരുതിപ്പോന്നതു് അതു തികച്ചും പ്രൊട്ടസ്റ്റന്റുകാരുടെ ഒരു പരിപാടിയായിട്ടാണ്. അതിൽ പ്രത്യേകിച്ചും അധ:കൃതരുടെ ഇടയിൽ പ്രവൃത്തിക്കുക, അവരെ നസ്രാണിയുടെ കൂടെ കൂട്ടുക എന്നു പറഞ്ഞാൽ ചിന്തിക്കുവാൻ പോലും വയ്യ, അത്രയധികം നിഷേധാത്മക മനോഭാവം അവരിലുണ്ടായിരുന്നു.

നവീകരണത്തെ അനുകൂലിച്ചിരുന്നവർ 1889—ൽ മലങ്കര സഭയിൽ നിന്നും വേർപ്പെട്ടു മാർത്തോമ്മാ സഭയായി രൂപം പ്രാപിച്ചു. അവരാണു പിന്നീടു മിഷൻപ്രവർത്തനങ്ങളിൽ കാര്യക്ഷമമായിട്ടു പ്രവർത്തന നിരതരായതു്. അവരുടെ പ്രവർത്തനങ്ങളിലൂടെ വളരെയധികം മനുഷ്യരെ സഭയിലേക്കു ചേർക്കുകയുണ്ടായി. പിന്നീടാണു മലങ്കര സഭയിലെ ചിലർക്കു മിഷൻ എന്ന പേരിലുള്ള പ്രവർത്തനത്തിനു പ്രചോദനം ഉണ്ടായതു്. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാച്ചൻ നടത്തിയ സുവിശേഷ പ്രവർത്തനങ്ങൾ തികച്ചും സഭയുടെ അഭിനന്ദനങ്ങൾ അർഹിക്കുന്നതാണ്. എന്നാൽ അതു തുടർന്നു നടത്തുവാൻ മലങ്കര സഭയ്ക്കു കഴിഞ്ഞില്ല എന്നതാണു വളരെ ഖേദകരം.

### ബ്രഹ്മവാർ മിഷൻ

മലങ്കര സഭയുടെ ആധുനിക കാലഘട്ടത്തിൽ അല്പം ശ്രദ്ധ ചെലുത്തി പോന്ന ഒരു ഘടകമായിരുന്നു ബ്രഹ്മവാർ മിഷൻ. 1888—ൽ ഒരു കൂട്ടം റോമൻ—കൊങ്കിണി ക്രിസ്ത്യാനികൾ, South Canara ഭാഗത്തുനിന്നും ഫാ. സേവ്യർ അൽവാറീസിന്റെ നേതൃത്വത്തിൽ മലങ്കര സഭയിൽ ചേരുകയുണ്ടായി. അൽവാറീസിനെ മാർ യൂലിയോസ് എന്ന പേരിൽ മെത്രാനാക്കി. അദ്ദേഹത്തിൻ കൂടെ റോമൻ കത്തോലിക്ക വിഭാഗത്തിൽനിന്നും ചിലരെ മലങ്കര സഭയിലേക്കു ചേർക്കാമെന്നുള്ള പ്രതീക്ഷയും മലങ്കര സഭയ്ക്കുണ്ടായിരുന്നു. എന്നാൽ അതു കാര്യമായിട്ടു പുരോഗമിച്ചില്ല. കാരണം മലങ്കര സഭയിൽ നിലനിന്നു പോന്ന അന്ത്യോഖ്യയും മലങ്കര സഭയും തമ്മിലുള്ള വ്യവഹാരങ്ങളു

ടെ ഇടയിൽ അവരെ കാര്യമായിട്ടൊന്നും സഹായിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു് അൽവാരീസിനെ റോമൻ കത്തോലിക്കർ കണ്ടമാനം പീഡിപ്പിക്കയും, അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന പല ഇടവകളേയും റോമൻ കത്തോലിക്കർ അവരുടെ കീഴിൽ കൊണ്ടുവരികയും ചെയ്തു. പത്തനാപുരം താബോർ ദയറായിലെ ചില പട്ടക്കാർ ഇപ്പോഠം അതിൽപ്പെട്ട ചില പള്ളികൾക്കു നേതൃത്വം കൊടുത്തു വരുന്നുണ്ടു്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന ഇടവകാംഗങ്ങളുടെ അംഗസംഖ്യ ക്ഷയിച്ചുകൊണ്ടിരിക്കുകയാണു്. റോമൻ കത്തോലിക്കാ സഭയിലേക്കു് അവർ ആകഷിതരായിതീരുന്നുണ്ടു്. പലകാരണങ്ങളാലും മലങ്കര സഭയ്ക്കാകട്ടെ ഇതുവരെയും ആ സഭാവിഭാഗത്തിനു ശരിയായുള്ള നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല.

## സിലോണിലും അമേരിക്കയിലും

മാർ ജൂലിയസ് തൻെറ പ്രവർത്തനങ്ങഠം ബ്രഹ്മവാറിൽ മാത്രം ഒതുക്കാതെ സിലോണിലും അമേരിക്കയിലും വ്യാപിപ്പിക്കുവാൻ ആഗ്രഹിച്ചിരുന്നു. അസ്വസ്ഥരായി കഴിഞ്ഞിരുന്ന റോമക്കാരെ ചേർത്തു് അദ്ദേഹത്തിൻെറ മേൽ നോട്ടത്തിൽ ഒരു സഭ വികസിപ്പിച്ചെടുക്കുവാനാണു് ഉദ്ദേശിച്ചിരുന്നതു്. അമേരിക്കയിലെ പഴയ കത്തോലിക്കരുടെ കൂട്ടത്തിൽനിന്നും റെനിവിലാത്തി എന്ന ഫ്രഞ്ചു പുരോഹിതനെ അമേരിക്കയിലെ ഓർത്തഡോക്സ് സഭയുടെ തലവനായി ഉയർത്തണമെന്ന ജൂലിയസ് ആഗ്രഹം പ്രകടിപ്പിച്ചതിൻെറ ഫലമായി റെനിവിലാത്തിയെ തീമോത്തിയോസ് എന്ന പേരിൽ പാത്രിയർക്കീസിൻെറ അനുവാദം വാങ്ങിയതിനു ശേഷം, 1892 ഓഗസ്റ്റിൽ കൊളംബോയിൽ വച്ചു പട്ടം കെട്ടി. മാർ ജൂലിയസും, കടവിൽ അത്താനാസിയോസും, പരുമല മാർ ഗ്രീഗോറിയോസും ദീവന്നാസിയോസ് V—ൻെറ നിർദ്ദേശപ്രകാരമാണു് ഈ കർമ്മം നിർവഹിച്ചതു്. എന്നാൽ പിന്നീടുള്ള ഈ അമേരിക്കൻ മിഷനെ പററിയുള്ള ചരിത്ര വിവരങ്ങളൊന്നും തന്നെ ലഭിച്ചില്ല. എന്നാലും മലങ്കര സഭയുടെ അന്തസ്സിനും, രീതികൾക്കും യോജിക്കാത്ത വിധത്തിലാണു മേൽ പറഞ്ഞതായ തീമോത്തിയോസ് പ്രവർത്തിക്കുവാൻ ഇടയായതു് എന്നാണു് അറിവായിട്ടുള്ളതു്. കണ്ണിൽ കണ്ടവർക്കെല്ലാം പട്ടം കൊടുത്തു 'എപ്പിസ്കോപ്പൽ തീണ്ടാട്ടം' എന്ന ദുഷിച്ച പേരിൽ അറിയുവാൻ ഇടയാകുമാറുള്ള ഒരു ശൈലിക്കാണു് അദ്ദേഹം പരിശ്രമിച്ചുപോന്നതു്. ഇപ്പോഴത്തെ അമേരിക്കൻ ഭദ്രാസനാധിപൻ പറയുന്നതു് ഓക്‌ലഹോമായിലുള്ള ഒരു കൂട്ടമാളുകഠം റെനിവിലാത്തിയുടെ പിൻതുടർച്ചക്കാരാണെന്നാണു്. അങ്ങനെ പറഞ്ഞു ചിലരെ ഇവിടെയൊക്കെ കൊണ്ടുവരികയും ചെയ്തിരുന്നു.

എന്നാൽ അമേരിക്കയിൽ മിഷൻെറ സാദ്ധ്യത ഇന്നാണു വർദ്ധിച്ചിരിക്കുന്നതു്. ഏതാണ്ടു നാല്പതു് ഇടവകകഠം അമേരിക്കയിൽ ഇന്നുണ്ടു്. അവർ അമേരിക്കക്കാരുടെ ഇടയിൽ മിഷൻ പ്രവത്തനങ്ങഠം നടത്തണം. 20 വർഷമായി അവിടെ കുടിയേറിക്കൊണ്ടിരിക്കുന്ന സഭാംഗങ്ങഠം അവരെ തന്നെ അമേരിക്കയിലെ മിഷനറിമാരായി കാണുന്ന കാലം വരണം. ഇപ്പോഠം പള്ളികഠം പണിയുന്ന ബദ്ധപ്പാടിലാണു്. അടുത്ത പടി അമേരിക്കക്കാർ പള്ളി അടച്ചും വിററും കൊണ്ടിരിക്കുന്ന പ്രവണത അവസാനിപ്പിക്കത്തക്ക വണ്ണം രണ്ടും മൂന്നും തലമുറക്കാരായ നമ്മു

---

*കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന ഇടവകാംഗങ്ങളുടെ അംഗസംഖ്യ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. റോമൻ കത്തോലിക്കാ സഭയിലേക്കു് അവർ ആകർഷിതരായി തീരുന്നുണ്ട്. പല കാരണങ്ങളാലും മലങ്കര സഭയ്ക്കാകട്ടെ ഇതുവരെയും ആ സഭാവിഭാഗത്തിനു ശരിയായുള്ള നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല.*

---

ടെ കുട്ടികളെക്കൊണ്ടു പ്രവർത്തനങ്ങൾ നടത്തുകയാണു വേണ്ടതു്. നമ്മുടെ സഭാംഗങ്ങളുടെ ജീവിത മാതൃക തന്നെ അവരെ മാനസാന്തരപ്പെടുത്തുവാനുതകണം.

## പരുമല തിരുമേനിയും മിഷനും

മലങ്കര സഭ മലങ്കരയിൽ മാത്രം ഒതുങ്ങി നില്ക്കേണ്ടതല്ലെന്നും അതിൻെറ അതിരുകൾ വിശാലമാക്കണമെന്നുമുള്ള മിഷനെപ്പററിയുള്ള ഒരു ആഗോള വീക്ഷണം ഉണ്ടായിരുന്ന വ്യക്തിയായിരുന്നു പ. പരുമല തിരുമേനി. പ. തിരുമേനിക്കുണ്ടായിരുന്ന ഈ ദർശനം ഇന്നും നമുക്കു് കാര്യമായിട്ടുണ്ടായിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു. 1888-ൽ കോനാട്ടു

*ഇപ്പോൾ പള്ളികൾ പണിയുന്ന ബദ്ധപ്പാടിലാണ്, അടുത്തപടി അമേരിക്കക്കാർ പള്ളി അടച്ചും വിററും കൊണ്ടിരിക്കുന്ന പ്രവണത അവസാനിപ്പിക്കത്തക്ക വണ്ണം രണ്ടും മൂന്നും തലമുറക്കാരായ നമ്മുടെ കുട്ടികളെക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തുകയാണ് വേണ്ടത്. നമ്മുടെ സഭാംഗങ്ങളുടെ ജീവിത മാതൃക തന്നെ അവരെ മാനസാന്തരപ്പെടുത്തുവാനുതകണം.*

മല്പാൻെറ ഉത്സാഹത്തിൽ കോതമംഗലത്താരംഭിച്ച ത്രൈശ്ശുബഹോ (സത്യവിശ്വാസം) എന്ന പേരിൽ ആരംഭിച്ച സുവിശേഷ സംഘത്തിൻെറ ശാഖകൾ മാവേലിക്കര, തിരുവല്ല, കോട്ടയം, കുന്നംകുളം, മുളന്തുരുത്തി എന്നിവിടങ്ങളിൽ ഉണ്ടാക്കുവാൻ പരുമലതിരുമേനി സഹായിച്ചു. മലങ്കര സഭ ആദ്യമായി സുവിശേഷസംഘം രൂപീകരിച്ചു പ്രവർത്തിക്കുന്നുവെന്നും സുവിശേഷകർക്കു പിരിവെടുത്തു ശമ്പളം കൊടുക്കുന്നുണ്ടു് എന്നും 1892 ഫെബ്രുവരി 13-ന് ഡബ്ല്യൂ. ജെ. റിച്ചാർഡ് ഇംഗ്ലണ്ടിലേക്കയച്ച റിപ്പോർട്ടിൽ പറയുന്നുണ്ടു്. 1892-ൽ പരുമല തിരുമേനി കൊല്ലം, തുമ്പമൺ, നിരണം എന്നീ ഭദ്രാസനങ്ങളിലെ വൈദികരുടെ ഒരു യോഗം പരുമലയിൽ വിളിച്ചുകൂട്ടി 'മലങ്കര സുറിയാനി വൈദിക യോഗം' രൂപീകരിച്ചു. ആ യോഗത്തിൽ മിഷൻെറ ആവശ്യകതയെപ്പററി തിരുമേനി വൈദികരെ ബോധവാന്മാരാക്കി. അന്നെടുത്ത പ്രധാന തീരുമാനങ്ങളിൽ ചിലതു താഴെ കൊടുക്കുന്നു.

(a) സൺഡേസ്കൂളും പ്രാർത്ഥനായോഗവും ഇടവക തോറും തുടങ്ങണം.

(b) പട്ടക്കാർ സുവിശേഷം പ്രസംഗിക്കണം. അത്മായക്കാരും അവരുടെ ജീവിതം കൊണ്ടു ക്രിസ്തുവിനെ സാക്ഷിക്കണം.

(c) അക്രൈസ്തവരോടു സുവിശേഷം പ്രസംഗിക്കേണ്ടതു് അത്യന്താപേക്ഷിതമാകയാൽ എല്ലാപട്ടക്കാരും അവരവരുടെ ഇടവയ്ക്കു ചുററുമുള്ള ക്രിസ്ത്യേതരരോടു ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കണം. വിശ്വാസം സ്വീകരിച്ചു സഭയിൽ ചേരുന്നവരുടെ ആവശ്യത്തിനായി സ്കൂളുകളും പള്ളികളും പണിതു കൊടുക്കണം.

(d) വൈദിക സെമിനാരിയിൽ ക്രമീകൃത പഠനം എല്ലാ പട്ടക്കാർക്കും ലഭിക്കണം. അത്മായക്കാരും വിശ്വാസം പഠിക്കണം.

പരുമല തിരുമേനിയുടെ മിഷൻ പ്രവർത്തനഫലമായി പേരിശ്ശേരി, മല്ലപ്പള്ളി, മാന്നാർ മുതലായ സ്ഥലങ്ങളിൽ അധഃകൃതർ എന്നറിയപ്പെട്ടിരുന്നവരെ ധാരാളമായി സഭയിലേക്കു ചേർക്കുകയുണ്ടായി. 1902-ൽ അദ്ദേഹം കാലം ചെയ്യുന്നതിനു മുമ്പു കൂടുതൽ ആളുകളെ സഭയിൽ ചേർക്കാതിരുന്നതു സുറിയാനി ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരുടെ ജാതി വ്യത്യാസവും തീണ്ടൽ തൊടീലും എതിർപ്പും കൊണ്ടായിരുന്നു. അവർക്കു പ്രത്യേകം പള്ളി വച്ചെങ്കിലും എത്രയും വേഗം അവരെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉയർത്തി പഴയ പള്ളിയിലേക്കു് ചേർക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു

> അദ്ദേഹത്തെപ്പോലെ ലളിത ജീവിത ശൈലിയും, ദരിദ്രവർഗ്ഗവുമായുള്ള താദാത്മ്യതയും പുലർത്തിയിട്ടുള്ള മറെറാരു മെത്രാപ്പോലീത്താ മലങ്കരയിൽ ഉണ്ടായിട്ടുണ്ടോ എന്നു തോന്നുന്നില്ല. സ്ളീബാദാസ സമൂഹത്തിൻെറ പ്രവർത്തനങ്ങൾ കൂടുതൽ ശക്തി പ്രാപിച്ച് ഭാരതത്തിലെ ഗ്രാമങ്ങളിലെല്ലാം സുവിശേഷം അറിയിക്കാൻ തക്കവണ്ണം വളരേണ്ടിയിരിക്കുന്നു.

കയുണ്ടായി. യഥാർത്ഥത്തിൽ സംഭവിച്ചതു് ആ പള്ളികൾ അവരുടെ കൈവശത്തു നിന്നെടുത്തു സുറിയാനി ക്രിസ്ത്യാനികളുടെ ഭരണത്തിൽ ആക്കി അവരെ അകററുകയോ ബഹിഷ്കരിക്കുകയോ ചെയ്ത നിർഭാഗ്യചരിത്രമാണ്. ഏതാണ്ട് അഞ്ഞൂറോളം പുതുക്രിസ്ത്യാനികളെ പരുമലതിരുമേനി മാമോദീസാ മുക്കിയെങ്കിലും ഇലവുങ്കൽ പള്ളിയിലും പേരിശ്ശേരി കിഴക്കേ പള്ളിയിലും വിരലിൽ എണ്ണാനുള്ളവർ മാത്രമേ ഇന്നു് അംഗങ്ങളായുള്ളു.

## സ്ളീബാ ദാസസമൂഹം

1924 സെപ്തംബർ 27-ന് സ്ലീബാ പെരുനാളിൽ എ. പി.പത്രോസ് (മൂക്കഞ്ചേരിൽ അച്ചൻ) ആരംഭിച്ച സ്ലീബാ ദാസ സമൂഹം മലങ്കര സഭയുടെ മിഷനറി ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. 1926-ൽ അദ്ദേഹം പുരോഹിതനായി. നാലുവർഷം കൊണ്ട് 2336 പേർ സഭയിൽ ചേർന്നു. 1953-ൽ അദ്ദേഹം മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു. 1968 ഫെബ്രുവരി രണ്ടാം തീയതി കാലം ചെയ്യുമ്പോൾ 21,730 പേരെ അദ്ദേഹം മാമോദീസാ മുക്കി കഴിഞ്ഞിരുന്നു. അദ്ദേഹത്തെപ്പോലെ ലളിത ജീവിതശൈലിയും, ദരിദ്രവർഗ്ഗവുമായുള്ള താദാത്മ്യതയും പുലർത്തിയിട്ടുള്ള മറെറാരു മെത്രാപ്പോലീത്താ മലങ്കരയിൽ ഉണ്ടായിട്ടുണ്ടോ എന്നു തോന്നുന്നില്ല. സ്ളീബാ ദാസ സമൂഹത്തിൻെറ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്രാപിച്ച് ഭാരതത്തിലെ ഗ്രാമങ്ങളിലെല്ലാം സുവിശേഷം അറിയിക്കാൻ തക്കവണ്ണം വളരേണ്ടിയിരിക്കുന്നു. ഈ ലേഖകൻ 1976-87 വരെ സമൂഹദ്ധ്യക്ഷനായിരുന്നു. ഇപ്പോൾ ഫീലിപ്പോസ് മാർ യൗസേബിയോസ് ആബൂനാണ് അദ്ധ്യക്ഷൻ. വെരി റവ. ററി. വി. ഫീലിപ്പോസ് കോർ എപ്പിസ്കോപ്പായാണു സെക്രട്ടറി. കാലം ചെയ്ത പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്മാരകമായി പടുത്തുയർത്തിയിരിക്കുന്ന ഇരുനില കെട്ടിടത്തിൻെറ പേർ സെൻറ് ശിമയോൻ ഹോം എന്നാണ്. ഒരു ഡസൻ വൃദ്ധന്മാരെ സൗജന്യമായും മററു ചിലരെ സ്വന്ത ചിലവിലും താമസിപ്പിക്കുവാനുള്ള സൗകര്യം കെട്ടിടത്തിൽ ഉണ്ട്. ഇപ്പോൾ നാലുപേർ ശുശ്രൂഷിക്കപ്പെടുന്നു. അർഹരായവരെ അയച്ചാൽ എടുക്കുന്നതാണ്. പ്രവർത്തകരുടെ അഭാവമാണു വളർച്ചയ്ക്കു തടസ്സം.

## പൗരസ്ത്യ സുവിശേഷ സംഘം

1924-ൽ ആരംഭിച്ച ഈ സംഘം പ്രധാനമായി പുറജാതികളുടെ ഇടയിലുള്ള പ്രവർത്തനത്തേക്കാളുപരിയായി ക്രിസ്ത്യാനികളുടെ ഇടയിൽ തന്നെ പ്രവർത്തിക്കുക, മലബാറിലെ കുടിയേററക്കാർക്കു പള്ളികളും സ്കൂളുകളും നിർമ്മിക്കുക എന്നിവയായിരുന്നു ലക്ഷ്യം.

## ഇമ്മാനുവേൽ മിഷനറി സൊസൈററി

1939-ൽ ആരംഭിച്ച ഇമ്മാനുവേൽ മിഷനറി സൊസൈററിയുടെ രക്ഷാധികാരി അന്നു കണ്ടനാടിൻെറ മെത്രാപ്പോലീത്തായായിരുന്ന തീമോത്തിയോസ് തിരുമേനി (പിന്നീട് ഔഗേൻ കാതോലിക്കാ ബാവാ) ആയിരുന്നു. സുവിശേഷ പരിശീലനക്ളാസ്സുകൾ നടത്തുക, 'സുവിശേഷ ദൂതൻ' എന്ന മാസിക പ്രസിദ്ധീ

കരിക്കുക, പല സ്ഥലങ്ങളിലായി പ്രാത്ഥനാ യോഗങ്ങളും, ധ്യാനയോഗങ്ങളും എന്നിവ നടത്തുകയും ചെയ്ത ഈ സൊസൈററി അക്കാലത്തെ നല്ല ഒരു സുവിശേഷ പ്രസ്ഥാനം തന്നെയായിരുന്നു. ഇന്ന് അതു നിലവിലില്ല.

## തുമ്പമൺ ഭദ്രാസന മിഷൻ

തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ കൊച്ചു തിരുമേനി 1935–ൽ സ്ഥാപിച്ചതാണു തുമ്പമൺ ഭദ്രാസന മിഷൻ. ആഭ്യന്തരമിഷനാണു കൂടുതൽ ഊന്നൽ കൊടുക്കുന്നതെങ്കിലും വിജാതിയ മിഷനും ഇതിന്റെ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1955–ൽ കൊഴുവല്ലൂരിൽ ക്രിസ്ത്യേതരരായ കുറെപേർ മാമോദീസാ മുങ്ങി സഭയോടു ചേർന്നിട്ടുണ്ട്. മിഷൻ വകയായി 1969–ൽ കൈപ്പട്ടൂരിൽ ഒരാശുപത്രി സ്ഥാപിതമായി. സുവിശേഷ സംഘത്തിന്റെ പ്രവർത്തന ഫലമായി മററു ആദ്ധ്യാത്മിക സംഘടനകളെല്ലാം ശക്തി പ്രാപിച്ചു വളർന്നുകൊണ്ടിരിക്കുന്നു.

## ഇന്ത്യൻ ഓർത്തഡോക്സ് മിഷൻ

ബഥനിയുടെ അലക "സിയോസ്" മാർ തേവോദോസ്യോസ് (1938–1965) കൊല്ലം ഭദ്രാസനാധിപനും, ബാഹ്യകേരള ഭദ്രാസന ശില്പിയുമായിരുന്നു. 1947–ൽ ഇൻഡ്യൻ ഓർത്തഡോക്സ് മിഷൻ ആരംഭിച്ചതു തിരുമേനി തന്നെയായിരുന്നു. 1951–ൽ നാലു പേർക്കു് ഈ മിഷനുവേണ്ടി മദ്രാസിൽ വച്ചു പട്ടം കൊടുത്തു. ബാഹ്യകേരള ഭദ്രാസനത്തിന്റെ ഒരു മിഷനറി ഡിപ്പാർട്ടുമെൻറാണു തിരുമേനി വിഭാവനം ചെയ്തതു്. ഇന്ത്യൻ ഓർത്തഡോക്സ് മിഷൻ എന്ന പേരിൽ ഇന്ന് അതു നിലനില്ക്കുന്നില്ലെങ്കിലും ഇപ്പോഴത്തെ കാതോലിക്കാ ബാവാ, മാത്യൂസ് മാർ അത്താനാസ്യോസ് ആയി ബാഹ്യകേരള ഭദ്രാസനം ഒന്നായി ഭരിച്ചപ്പോഴാണു മിഷൻ സൺഡേ കവർ പിരിവ് ആദ്യമായി ആ ഭദ്രാസനത്തിൽ തുടങ്ങിയതു്.

## സെൻറ് പോൾസ് സുവിശേഷ സംഘം

1954–ൽ ആരംഭിച്ച സെൻറു പോൾസ് സുവിശേഷസംഘവും ആ വർഷം മുതൽ തന്നെ സുവിശേഷ പരിശീലനത്തിനു കേന്ദ്രമായി സുവിശേഷാലയവും മാവേലിക്കരയിൽ തുടങ്ങി. ഇവയുടെ സ്ഥാപനത്തിനു ദൈവം ഈ ലേഖകനെ ഉപയോഗിച്ചു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. 1979–വരെ അവധിക്കാലത്തു പത്തുദിവസവും, രണ്ടാഴ്ചയും ഒരു മാസവും പരിശീലനം നടത്തിയിരുന്നതേ ഉള്ളൂ. പ്രസ്തുത പരിശീലനം കഴിഞ്ഞ അനേകർവൈദികസെമിനാരിയിൽവന്നു പഠിക്കുവാൻ ദൈവവിളി അവിടെ വച്ചു പ്രാപിച്ചു എന്നതിൽ ദൈവത്തെ സ്തുതിക്കാം. സെൻറു പോൾസ് സുവിശേഷാലയമാണ് ഇന്നു സഭയുടെ ഔദ്യോഗിക മിഷൻ പരിശീലന കേന്ദ്രമായ സെൻറ് പോൾസ് മിഷൻ ട്രെയിനിംഗ് സെൻററായി ഉയർത്തപ്പെട്ടതു്.

## തെക്കൻ തിരുവിതാംകൂർ മിഷൻ

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട തിരുവിതാംകോട്ടുള്ള കുരിശുപള്ളി 1964–ൽ ബ. കെ. വി. ഗീവർഗീസ് റമ്പാച്ചൻ പുതുക്കി പണിതു. അദ്ദേഹം തന്നെ ഒരു അനാഥശാലയും അവിടെ പണിയുകയുണ്ടായി. അതു് ഇന്നും പ്രവത്തിക്കുന്നു. കൂടാതെ 1972–ൽ കന്യാകുമാരിയിൽ കൊല്ലം കോടിനടുത്തു പാലവിളയിൽ ഫാ. സി. സി. കോരയുടെ ഉത്സാഹത്താൽ ഒരു മിഷൻ ആരംഭിച്ചു നടത്തുകയുണ്ടായി. 1988–ൽ നെയ്യാററിൻകര മിഷൻ ബോർഡിന്റെ മിഷൻ തുടങ്ങി. ഇപ്പോൾ മിഷൻ കേന്ദ്രവും ചാപ്പലും പണിതുകൊണ്ടിരിക്കുന്നു.

## ഭിലായ് മിഷൻ

മാർ തോമ്മാ ശ്ലീഹായുടെ രക്തസാക്ഷി മരണത്തിന്റെ പത്തൊൻപതാം ശതാബ്ദിയാഘോഷം കൊണ്ടാടിയ 1972–ലാണ് അതിന്റെ സ്മരണ ഉണർത്തുന്ന

*മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ചരിത്രത്തിലെ നിർണായക വർഷമാണു 1979. പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം മിഷൻ ബോർഡും, മിഷൻ സൊസൈററിയും ഉണ്ടാവുകയും അതിന്റെ ഭരണഘടന അംഗീകരിക്കുകയും ചെയ്തു.*

ഭിലായ് മിഷൻ സ്ഥാപിതമായതു്. ഫാ. സി. സി. ചെറിയാൻ റീവായിൽ നടത്തിയിരുന്ന സെൻറു തോമസ് ബാലഭവനം ആ വർഷം ഭിലായിൽ മാററിയതോടെയാണ് ഇതിന്റെ ആരംഭം. പിന്നീടു ഫാ. കെ. കെ. പുന്നൂസ് (ഇപ്പോൾ സ്തേഫാനോസ് മാർ തേവോദോസ്യോസ്) അതിന്റെ ചുമതല ഏറെറടുത്തു. മിഷന്റേതായി ഇപ്പോൾ ഒരു കോളേജും സ്കൂളുകളും നടത്തപ്പെടുന്നു. കൂടാതെ ഗ്രാമങ്ങളിൽ സുവിശേഷവേല നടത്തുന്നതിന്റെ ആരംഭം കുറിച്ചുകൊണ്ടു മക്കോഡിയ ഗ്രാമത്തിൽ മിഷൻ സെൻറർ തുടങ്ങിയിട്ടുണ്ട്. കൂടുതൽ പ്രവർത്തകർ ഇവിടെ ആവശ്യമായിരിക്കുന്നു.

## 12. സഭയുടെ സുവിശേഷ സംഘവും മിഷൻപരിശീലന കേന്ദ്രവും

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ചരിത്രത്തിലെ നിർണായക വർഷമാണു 1979. പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം മിഷൻ ബോർഡും, മിഷൻ സൊസൈററിയും ഉണ്ടാവുകയും അതിന്റെ ഭരണഘടന അംഗീകരിക്കുകയും ചെയ്തു. മിഷൻ സൊസൈററിയുടെ പ്രസിഡൻറു് പ: കാതോലിക്കാ ബാവാ തിരുമേനിയാണ്.

മിഷൻ ബോഡ് പ്രസിഡൻറായി പ: സുന്നഹദോസ് തെരെഞ്ഞെടുത്തിരിക്കുന്നതു് ഈ ലേഖകനെയാണ്. ആ വർഷം തന്നെ (15-9-1979) മാവേലിക്കര മിഷൻ ട്രെയിനിംഗ് സെൻററിൽ ത്രിവത്സരകോഴ്സ് ആരംഭിച്ചു. ഇപ്പോൾ ആറാം ബാച്ചു പഠനം തുടരുന്നു. കഴിഞ്ഞ അഞ്ചു ബാച്ചുകളിലായി പഠനം പൂർത്തിയാക്കിയിറങ്ങിയ വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും കേരളത്തനികത്തും മററു സ്റ്റേററുകളിലുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാലു പേർ സെമിനാരി പഠനം നടത്തുന്നു. 1979 ജൂലൈ 7-ാം തീയതി ചിൽഡ്രൻസ് വെൽഫെയർ ബോർഡും (C. W.B.) സുന്നഹദോസിനാൽ നിയമിക്കപ്പെട്ടു. C.W.B. യുടെ സഹായത്തോടെ മൂന്നു ബാലഭവനങ്ങൾ തുടങ്ങിയിട്ടുണ്ട്. പനയമ്പാല കരുണഗിരി ബാലഭവനം വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്മാരകമായി 1982 ഫെബ്രുവരി 22-

*പുതുപ്പാടി ബാലഭവന മാനേജർ ഫാ കെ. ഐ. ഫിലിപ്പാണ് 1977—ൽ ആന്ധ്രായിൽ അതിഭീകരമായ കൊടുങ്കാററിൽ ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കു 68 ഭവനങ്ങൾ വച്ചു കൊടുക്കുന്നതിനും യാച്ചാരം ബാലഗ്രാമിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും ദൈവം ഉപയോഗിച്ച വൈദികൻ. ആഫ്രിക്കൻ ക്ഷാമനിവാരണത്തിനു $4\frac{1}{2}$ രൂപ ലക്ഷം രൂപയും അർമീനിയയിൽ $1\frac{1}{2}$ ലക്ഷം രൂപയും മിഷൻ ബോർഡുവഴി സഭ അയയ്ക്കുകയുണ്ടായി.*

ന് ആരംഭിച്ചു. 1985 ഡിസംബർ 8-ാം തീയതിയാണ് ആന്ധ്രായിലെ യാച്ചാരാമിൽ കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങൾക്കായി സെൻറു് ഗ്രീഗോറിയോസ് ബാലഗ്രാം എന്ന പേരിൽ ഒരു സ്ഥാപനത്തിന് ആരംഭം കുറിക്കാൻ ഈ ലേഖകനെ ദൈവം ഉപയോഗിച്ചതു്. തിരുവനന്തപുരത്തു വികലാംഗ ഭവനം ഗീവർഗീസ് മാർ ദിയസ്കോറോസ് ആബൂൻ തുടങ്ങിയതും C W B—ന്റെ ഒരു പ്രോജക്ടായിട്ടാണ്. പുതുപ്പാടി ബാലഭവന മാനേജർ

ഫാ. കെ. ഐ. ഫിലിപ്പാണു 1977–ൽ ആന്ധ്രായിൽ അതിഭീകരമായ കൊടുങ്കാററിൽ ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കു 68 ഭവനങ്ങൾ വച്ചു കൊടുക്കുന്നതിനും യാച്ചാരം ബാലഗ്രാമിന്റെ പ്രവർനങ്ങൾ തുടങ്ങുന്നതിനും ദൈവം ഉപയോഗിച്ച വൈദികൻ. ആഫ്രിക്കൻ ക്ഷാമനിവാരണത്തിനു $4\frac{1}{2}$ ലക്ഷം രൂപയും അർമീനിയയിൽ $1\frac{1}{2}$ ലക്ഷം രൂപയും മിഷൻ ബോർഡു വഴി സഭ അയയ്ക്കുകയുണ്ടായി.

മൂന്നാം സഹസ്രാബ്ദത്തിനു മുമ്പു നടക്കേണ്ട പത്തു കാര്യങ്ങൾ സമയബന്ധിത പരിപാടിയായി നാം ചെയ്യണം.

(a) സുവിശേഷസംഘം എല്ലാ ഇടവകകളിലും ശക്തമാക്കണം.

(b) എല്ലാ പള്ളികളും ദശാംശം സാധുജന സംരക്ഷണത്തിനും മിഷനുമായി മാററിവയ്ക്കണം.

(c) എ. ഡി. 2000 ആകുമ്പോൾ ഓരോ പള്ളിയുടെയും അതിർത്തിക്കുള്ളിൽ ഏവർക്കും വീടുണ്ടാകണം.

(d) ഓരോ ഭദ്രാസനവും കേരളത്തിനകത്തോ പുറത്തോ ഓരോ മിഷൻ കേന്ദ്രം ആരംഭിച്ചു നടത്തത്തക്കവണ്ണം ഭദ്രാസനമിഷൻ ബോർഡും മിഷൻ സൊസൈററിയും ശക്തമാക്കണം.

(e) സെമിനാരിയിൽ അപേക്ഷകർ വർദ്ധിക്കുന്നതുപോലെ മിഷൻ പരിശീലനകേന്ദ്രത്തിലും വർദ്ധിക്കുവാൻ ബോധവൽക്കരണം നടത്തണം.

(f) ആന്ധ്രായിൽ കുഷ്ഠരോഗികളുടെ കുട്ടികൾക്കായി ബാലഗ്രാം തുടങ്ങിയിരിക്കുന്നതു പോലെ ചേരി പ്രദേശത്തുള്ള സാധു കുട്ടികൾക്കായും മററു എല്ലാ സ്റ്റേററിലും ബാലഗ്രാം തുടങ്ങണം.

(g) മിഷൻ സ്കൂളുകളും ആശുപത്രികളും കേരളത്തിനു പുറത്തു മക്കോഡിയ പോലുള്ള കേന്ദ്രങ്ങളിൽ തുടങ്ങി നടത്തണം.

(h) റേഡിയോ വഴിയായും ററി. വി. വഴിയായും സത്യവിശ്വാസം ലോകത്തെ അറിയിക്കണം.

(i) മററു മതങ്ങളുമായും ആശയങ്ങളുമായും ഡയലോഗുകൾ നടത്തുവാൻ ഓരോ സ്റ്റേററിലും മിഷൻ കേന്ദ്രങ്ങൾ ഉണ്ടാകണം.

(j) ദരിദ്രരോട് ഏകീഭവിക്കുവാൻ ദൈവവിളിയുള്ള സംഘങ്ങൾ പ്രാർത്ഥനാപൂർവം മുമ്പോട്ടുവരണം.